# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 178
## 11.06.2012-ലെ മറുപടിക്ക്

## ചെറുപുഴ സബ് ട്രഷറി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. സി.കൃഷ്ണൻ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ചെറുപുഴയിൽ ആരംഭിക്കുന്ന സബ് ട്രഷറിയിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കാമോ; | ഉണ്ട്. 5.6.2012ലെ സ.ഉ (സാധാ) നം:5644/12/ധന ഉത്തരവ് പ്രകാരം ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു. |
| ബി) | പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | പ്രസ്തുത തസ്തികകളിൽ കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും ഒരു ജൂനിയർ സൂപ്രണ്ടിന് സബ് ട്രഷറി ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ഒരു സീനിയർ അക്കൗണ്ടന്റ്, ഒരു ജൂനിയർ അക്കൗണ്ടന്റ്, ഒരു ക്ലാസ് ഫോർ ജീവനക്കാർ എന്നിവരെ താത്കാലികമായി നിയമിച്ചിട്ടുമുണ്ട്. |
| സി) | ഇല്ലെങ്കിൽ എത്രയും വേഗം ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | അനുവദിച്ച തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Rajasree

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ട്രഷറി വകുപ്പ് - ചെറുപുഴ സബ് ട്രഷറി - പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ളിഷ്മെന്റ് –സി) വകുപ്പ്**

സ.ഉ( സാധ.) നം: **5644/12/ധന** തിരുവനന്തപുരം, തീയതി, **05.06.2012**

പരാമർശം: (1) ട്രഷറി ഡയറക്ടറുടെ 02.07.2011 തീയതിയിലെ എച്ച്1/8410/2011 നമ്പർ കത്ത്.
(2) സ.ഉ( സാധ.) നം: 25/12/ധന തീയതി 03.01.2012.
(3) സ.ഉ( സാധ.) നം: 2396/12/ധന തീയതി 20.03.2012.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ചെറുപുഴ ആസ്ഥാനമാക്കി പുതുതായി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ സബ് ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതിക്കായി പരാമർശത്തിലെ കത്തു പ്രകാരം ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കണ്ണൂർ ജില്ലയിലെ ചെറുപുഴ ആസ്ഥാനമാക്കി ആരംഭിക്കുന്ന സബ് ട്രഷറിയിലേക്ക് താഴെ പറയും പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

| തസ്തിക | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|
| സബ് ട്രഷറി ഓഫീസർ | 1 | 18740-33680 |
| ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 |
| പ്യൂൺ | 2 | 8500-13210 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 15.07.2011ലെ 42/2011(3)/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം |

ഗവർണ്ണറുടെ ആജ്ഞാനുസരണം

**എസ്.ശ്രീകുമാർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ
പൊതുഭരണ (എസ്.സി) വകുപ്പ് (30.05.2012ലെ 1700-ാം ഇനം
മന്ത്രിസഭാ യോഗ തീരുമാന പ്രകാരം).
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ